(സി) 'തനിമ' പദ്ധതി പ്രകാരം 4,000 കൈത്തറി തൊഴിലാളികൾക്കും 'കൃതിക' പദ്ധതി പ്രകാരം 3,000 തൊഴിലാളികൾക്കും കൂടി മൊത്തം 7,000 തൊഴിലാളികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും.

(ഡി) തിരുവനന്തപുരം ജില്ലയിൽ 'തനിമ' പദ്ധതിയും കണ്ണൂർ ജില്ലയിൽ 'കൃതിക' പദ്ധതിയുമാണ് തുടങ്ങാൻ ഉദ്ദേശിക്കുന്നത്.

ഹാന്റ്ലൂം ഹെറിറ്റേജ് സംഘം ആരംഭിക്കുവാൻ നടപടി

101 [208] *ശ്രീ. കെ. എ. ചന്ദ്രൻ:*
„ *പ്രയാർ ഗോപാലകൃഷ്ണൻ:*
„ *കടവൂർ ശിവദാസൻ:*
„ *കെ. മുഹമ്മദാലി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു ഹാന്റ്ലൂം ഹെറിറ്റേജ് സംഘം ആരംഭിക്കുവാൻ ഉദ്ദേശമുണ്ടോ; എങ്കിൽ എവിടെ;

(ബി) ഇതിനുവേണ്ടി എന്തു തുക ചെലവാകുമെന്ന് പ്രതീക്ഷിക്കുന്നു എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) & (ബി) ഉണ്ട്. തിരുവനന്തപുരം ജില്ലയിൽ ഇതിനായി 100 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഒരു പദ്ധതി കോഴിക്കോടുള്ള ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് തയ്യാറാക്കിവരുന്നു.

പുതുതായി ആരംഭിക്കുവാനുദ്ദേശിക്കുന്ന അംഗൻവാടികൾ

102 [209] *ശ്രീ. ടി. പി. എം. സാഹിർ:*
„ *യു. സി. രാമൻ:*
„ *പി. കെ. കെ. ബാവ:*
„ *കളത്തിൽ അബ്ദുള്ള:*
„ *സി. മോയിൻകുട്ടി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി അംഗൻവാടികൾ ആരംഭിക്കാനുദ്ദേശിക്കുന്നുണ്ടോ;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എങ്കിൽ കേന്ദ്രം ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്ത് ആരംഭിക്കാനുദ്ദേശിക്കുന്ന അംഗൻവാടികൾ എത്രയെണ്ണം;

(ഇ) ഏതൊക്കെ ജില്ലകളിൽ എവിടെയൊക്കെ എന്ന് വിശദമാക്കുമോ;

(എഫ്) ഇവ എന്നത്തേയ്ക്ക് ആരംഭിക്കാനുദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) & (സി) ഉണ്ട്. ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിൽനിന്നും ഇതുവരെ മറുപടി ലഭിച്ചിട്ടില്ല.

(ഡി) 3258.

(ഇ) സംസ്ഥാനത്ത് എല്ലാ ജില്ലകളിലും അംഗൻവാടികൾ ആരംഭിക്കുവാൻ കേന്ദ്ര സർക്കാരിനു പ്രൊപ്പോസൽ നൽകിയിട്ടുണ്ട്. വിശദാംശം അനുബന്ധം കാണുക.†

(എഫ്) കേന്ദ്ര സർക്കാരിൽനിന്നും അനുമതി ലഭിക്കുന്ന മുറയ്ക്ക് ആരംഭിക്കുന്നതാണ്.

കൈത്തറി വ്യവസായ രംഗത്തെ പദ്ധതികളുടെ അവലോകനം

103 [214] *ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:*
ശ്രീ. പിരപ്പൻകോട് മുരളി:
„ പി. ജയരാജൻ:
„ എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി വ്യവസായ രംഗത്തെ സംസ്ഥാന പദ്ധതികളുടെയും കേന്ദ്രാവിഷ്കൃത പദ്ധതികളുടെയും നടത്തിപ്പ് സംബന്ധിച്ച് സർക്കാർ അവലോകനം നടത്തിയിട്ടുണ്ടോ;

(ബി) ഏറ്റവും ഒടുവിലത്തെ അവലോകനത്തിലെ വിശകലനങ്ങൾ വെളിപ്പെടുത്തുമോ?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

GPM. 2/567/2012—17

LIBRARY ARCHIVES Kerala Legislative Assembly